LIBRARY ARCHIVES Kerala Legislative Assembly

(3) തണ്ണത്ര പാലം പുനർ നിർമ്മാണം

ശ്രീ. എ. സി. മൊയ്തീൻ: സർ, പെരിമ്പിലാവ്-നിലമ്പൂർ സ്റ്റേറ്റ് ഹൈവേയിൽ വടക്കാഞ്ചേരി-തൃത്താല നിയോജകമണ്ഡലങ്ങളെയും തൃശ്ശൂർ-പാലക്കാട് ജില്ലകളെയും ബന്ധിപ്പിക്കുന്നതാണ് തണ്ണത്ര പാലം. ഏറെ ഇടുങ്ങിയ ഒരു പാലമാണ്, അത് ഏറെ ദുർബ്ബലാവസ്ഥയിലുമാണ്. കൈവരികളെല്ലാം തകർന്ന് നിരന്തരമായി അപകടമുണ്ടാകുന്നു, മരണം ഉൾപ്പെടെ ഉണ്ടായിരിക്കുന്നു. കഴിഞ്ഞ സ്റ്റിമുലസ് പാക്കേജിൽ രണ്ടര കോടി രൂപ ഈ ആവശ്യത്തിനുവേണ്ടി അനുവദിച്ചിരുന്നു. അതിന് എ.എസ്. ആയിട്ടുള്ളതാണ്. പക്ഷേ ഈ പ്രവൃത്തിയുടെ ടെൻഡർപോലും ചെയ്യാറായിട്ടില്ല. അതിന്റെ ഡിസൈനിംഗിനും മറ്റും ഉണ്ടാകുന്ന കാലതാമസത്തെക്കുറിച്ചാണ് എഞ്ചിനീയർമാർ നിരന്തരമായി പറഞ്ഞുകൊണ്ടിരിക്കുന്നത്. രണ്ടു ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന, ഏറ്റവും പ്രധാനപ്പെട്ട സ്റ്റേറ്റ് ഹൈവേയിലുള്ള, വളരെ ചുരുങ്ങിയ സമയംകൊണ്ട് ചെയ്തു തീർക്കാൻ കഴിയുന്ന ചെറിയ ഒരു വർക്കാണിത്. അടിയന്തരമായി ഈ പ്രവൃത്തി നടത്തുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണം.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): സർ, 14-8-2009-ലെ സർക്കാർ ഉത്തരവ് പ്രകാരം പെരിമ്പിലാവ്-നിലമ്പൂർ റോഡിൽ തൃശ്ശൂർ-പാലക്കാട് ജില്ലകളെ ബന്ധിപ്പിക്കുന്ന തണ്ണത്ര പാലം നിർമ്മിക്കുന്നതിന് 250 ലക്ഷം രൂപയുടെ ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്. അതനുസരിച്ച് പാലത്തിന്റെ പ്രാരംഭ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇത് ഞങ്ങളൊക്കെ നേരിട്ട് മോണിറ്റർ ചെയ്തിട്ടുള്ള കാര്യമായതുകൊണ്ടാണ് പറയുന്നത്. 2011 ജനുവരി ആദ്യവാരത്തിൽ ഡിസൈൻ തയ്യാറാക്കി സമർപ്പിക്കാമെന്ന് അവർ ഉറപ്പ് നൽകിയിട്ടുണ്ട്. രണ്ടുവരി ഗതാഗതത്തിന് ഉതകുന്ന തരത്തിലാണ് ഇപ്പോൾ ഡിസൈൻ തയ്യാറാക്കിക്കൊണ്ടിരിക്കുന്നത്. ഡിസൈൻ ജനുവരിയിൽ തയ്യാറായിക്കഴിഞ്ഞാൽ അതിന്റെ പ്രവൃത്തി ഉടൻ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കും.

(4) മകരവിളക്കിന് പൊതുഅവധി നൽകാൻ നടപടി

ശ്രീ. രാജു എബ്രഹാം : സർ, ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട തീർത്ഥാടന കേന്ദ്രമാണ് ശബരിമല. കോടിക്കണക്കിന് തീർത്ഥാടകർ എത്തുന്ന ശബരിമലയെ ദേശീയ തീർത്ഥാടന കേന്ദ്രമാക്കണം എന്നുള്ള പ്രധാനപ്പെട്ട ആവശ്യം നിലനിൽക്കുകയാണ്. ആ ആവശ്യം കേന്ദ്ര ഗവൺമെന്റ് പരിഗണിക്കണം. അതോടൊപ്പംതന്നെ മകരവിളക്ക് ദിവസം പൊതു ഒഴിവ് പ്രഖ്യാപിക്കുന്നതിനും സംസ്ഥാന ഗവൺമെന്റ് നടപടി സ്വീകരിക്കണം എന്ന് അഭ്യർത്ഥിക്കുകയാണ്.